(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

വൈദ്യുതി വകുപ്പിന്റെ വികസന പ്രവർത്തനം

1 [1089] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി വകുപ്പിൽ വികസനത്തിനായി എന്തു തുക ചെലവാക്കിയിട്ടുണ്ട് ;

(ബി) ഏതെല്ലാം പദ്ധതികൾ, പ്രവൃത്തികൾ എന്നും, എന്തു തുക എന്നും ജില്ല തിരിച്ച് വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഇവയിൽ ഏതെല്ലാം പദ്ധതികൾ, പ്രവൃത്തികൾ പൂർത്തിയാക്കി, ഏതെല്ലാം പണി തുടങ്ങി, ഏതെല്ലാം തുടങ്ങുവാനുണ്ട്, വിശദമാക്കുമോ ;

(ഡി) ഇവയ്ക്കായി സർക്കാർ എന്തു തുക ചെലവാക്കി; എന്തു തുക കടമെടുത്തു; ഏതെല്ലാം ഏജൻസികളിൽ നിന്ന്; വിശദാംശം വ്യക്തമാക്കുമോ;

(ഇ) ഏതെങ്കിലും വിദേശ ഏജൻസികളിൽ നിന്നും ഇതിനായി പണം കടമെടുത്തിട്ടുണ്ടോ; എങ്കിൽ എന്ത് പലിശയ്ക്ക്; ഏതെല്ലാം ഏജൻസികളിൽ നിന്ന്; എന്ത് പദ്ധതികൾക്കായി; വ്യക്തമാക്കുമോ ;

(എഫ്) ഇപ്രകാരം വിദേശ ഏജൻസികളിൽ നിന്നും കടം വാങ്ങി നടപ്പിലാക്കുന്ന പദ്ധതികളുടെ ആസൂത്രണം, നടത്തിപ്പ്, പ്രവർത്തനം ഇവ എങ്ങനെയാകണമെന്ന് പ്രസ്തുത ഏജൻസികൾ എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) 171452.159 ലക്ഷം.

(ബി) ആന്റ് (സി) വിശദാംശങ്ങൾ അനുബന്ധം 1, 2, 3 ആയി ചേർത്തിരിക്കുന്നു.†

(ഡി) ആന്റ് (ഇ) വിശദാംശം അനുബന്ധം 4 ആയി ചേർത്തിരിക്കുന്നു.†

(എഫ്) ഉണ്ട്. അതാത് പദ്ധതികളുടെ ആസൂത്രണം, നടത്തിപ്പ്, പ്രവർത്തനം ഇവ കാര്യക്ഷമമാകണമെന്ന് കടം ലഭ്യമാക്കുന്ന എജൻസികൾ നിർദ്ദേശം നൽകാറുണ്ട്.

പുതുയ വൈദ്യുത ഉല്പാദന സ്രോതസ്സുകൾ

2 [1090] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ അവസാന നാളുകളിൽ എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിച്ചിരുന്നു ;

(ബി) ഏതെല്ലാം സ്രോതസ്സുകളിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതി വീതമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത സ്രോതസ്സുകളിൽ നിന്നും നിലവിൽ എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദനം നടത്തുന്നു ;

(ഡി) ഏതെല്ലാം സ്രോതസ്സുകളിൽ വൈദ്യുതി ഉല്പാദനം ഇപ്പോൾ കൂടിയിട്ടുണ്ട് ; എവിടെയെല്ലാം കുറഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഇ) യു.ഡി.എഫ്. സർക്കാർ വന്നശേഷം എത്ര വൈദ്യുതി ഉല്പാദനം കൂടിയിട്ടുണ്ട് ; എവിടെ നിന്നെല്ലാമെന്ന് വ്യക്തമാക്കുമോ ;

(എഫ്) വൈദ്യുത ഉല്പാദനം കൂട്ടുന്നതിനായി പുതിയ പദ്ധതികളെന്തെങ്കിലും തുടങ്ങിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) വൈദ്യുതി ഉല്പാദനം തുടങ്ങിയ കാലഘട്ടം മുതലുള്ളത് കണക്കാക്കിയാൽ 2542.025 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിച്ചിരുന്നു.

(ബി)

	വൈദ്യുതി ബോർഡിന്റെ നിലയം (മെഗാവാട്ട്)	സ്വകാര്യ നിലയം (മെഗാവാട്ട്)
ജലവൈദ്യുതി	1792.5	12
കാറ്റിൽ നിന്നുള്ള വൈദ്യുതി	2.025	..
താപവൈദ്യുതി	234	501.50

(സി)

	വൈദ്യുതി ബോർഡിന്റെ നിലയം (മെഗാവാട്ട്)	സ്വകാര്യ നിലയം (മെഗാവാട്ട്)
ജലവൈദ്യുതി	1810.6	33
കാറ്റിൽ നിന്നുള്ള വൈദ്യുതി	2.025	..
താപവൈദ്യുതി	234	537

(ഡി) ജലസ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി ഉല്പാദനം 39.1 മെഗാവാട്ട് കൂടിയിട്ടുണ്ട്. താപനിലയത്തിൽ നിന്നുള്ള വൈദ്യുതി ഉല്പാദനം 35.5 മെഗാവാട്ട് വർദ്ധിച്ചിട്ടുണ്ട് .

(ഇ) 74.60 മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ചെമ്പുക്കടവ് I	2.70 മെഗാവാട്ട്	ജലവൈദ്യുത പദ്ധതി
ചെമ്പുക്കടവ് II	3.75 മെഗാവാട്ട്	
ഉറുമി I	3.75 മെഗാവാട്ട്	
ഉറുമി II	2.40 മെഗാവാട്ട്	
മലമ്പുഴ	2.50 മെഗാവാട്ട്	
കുത്തുങ്കൽ (സഹകാര്യമേഖല)	21.00 മെഗാവാട്ട്	
ബി. എസ്.ഇ.എസ്. (സഹകാര്യമേഖല)	35.50 മെഗാവാട്ട് (താപനിലയം)	
നേര്യമംഗലം പദ്ധതിയുടെ നവീകരണം	3.00	

(എഫ്) ലോവർ മീൻമുട്ടി (3.5 എം.ഡബ്ലിയു), കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതി (100 എം.ഡബ്ലിയു), നേര്യമംഗലം എക്സ്റ്റൻഷൻ പദ്ധതി (25 എം.ഡബ്ലിയു) എന്നീ പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ശബരിഗിരി, നേര്യമംഗലം പദ്ധതികളുടെ പുനരുദ്ധാരണ നവീകരണ ജോലികളും ആരംഭിച്ചിട്ടുണ്ട്. കൂടാതെ പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതിയുടെ ടെൻഡർ ക്ഷണിച്ചിട്ടുണ്ട്.

സീസ്മോഗ്രാഫിന്റെ പ്രവർത്തനം

3 [1091] ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈഡൽ പവർ ജനറേഷനുവേണ്ടി നിർമ്മിച്ചിട്ടുള്ള ഡാമുകൾ ഏതൊക്കെയെന്നും അവ ഓരോന്നും സ്ഥിതി ചെയ്യുന്ന നദീതടം ഏതെന്നും വ്യക്തമാക്കുമോ ;

(ബി) റിസർവോയർ ഇൻഡ്യൂസ്ഡ് എർത്ത്കുവേക്ക് മോണിറ്റർ ചെയ്യുവാൻ ഏതൊക്കെ ഡാമുകളിൽ സീസ്മോഗ്രാഫ് സ്ഥാപിച്ചിട്ടുണ്ടെന്നും ഓരോന്നും എന്നു മുതൽ പ്രവർത്തിച്ചു തുടങ്ങിയെന്നും വ്യക്തമാക്കുമോ ;

(സി) സീസ്മോഗ്രാഫ് പ്രവർത്തനം ആരംഭിച്ചത് മുതൽ നാളിതുവരെ ഏതൊക്കെ റിസർവോയറിൽ ഭൂചലനം രേഖപ്പെടുത്തി; റിക്ടർ സ്കെയിലിൽ ചലനത്തിന്റെ തോത് എത്രയായിരുന്നു; ഭൂചലനം ഉണ്ടായ തീയതി എന്നീ വിവരങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) കേരളത്തിലുള്ള റിസർവോയറിൽ ഉണ്ടാകാവുന്ന ഭൂമി കുലുക്കത്തിനെപ്പറ്റി ശാസ്ത്രീയ പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; എങ്കിൽ പഠനം ആര് നടത്തിയെന്നും പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്നും നൽകിയ ശുപാർശകൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ ; ടി ശുപാർശകളിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിവരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly